**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 186** **23-08-2022 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ കേന്ദ്രങ്ങളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാണ് നാളിതുവരെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയത് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | **ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും രണ്ടാം ഘട്ടത്തിൽ 504 സ്ഥാപനങ്ങളെയും മൂന്നാം ഘട്ടത്തിൽ 212 സ്ഥാപനങ്ങളെയും കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി പരിവർത്തനം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.** |
| (ബി) | കുടുംബരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതോടെ എന്തൊക്കെ സൗകര്യങ്ങളും സംവിധാനങ്ങളുമാണ് പ്രസ്തുത സ്ഥാപനത്തിൽ കൂടുതലായി ലഭിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതോടെ കൂടുതൽ അടിസ്ഥാന സൗകര്യം, ചികിത്സാ സൗകര്യം എന്നിവ ഏർപ്പെടുത്തുകയും കൂടുതൽ തസ്തികകൾ അനുവദിക്കുകയും ചെയ്തു. ഒ പി വിഭാഗം രോഗി സൗഹൃദമാക്കുക വഴി ആശുപത്രിയെ ആശ്രയിക്കുന്ന പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യങ്ങൾ |

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 72 |
| കൊല്ലം | 62 |
| പത്തനംതിട്ട | 47 |
| ആലപ്പുഴ | 62 |
| കോട്ടയം | 62 |
| ഇടുക്കി | 45 |
| എറണാകുളം | 78 |
| തൃശ്ശൂർ | 81 |
| പാലക്കാട് | 79 |
| മലപ്പുറം | 88 |
| കോഴിക്കോട് | 64 |
| വയനാട് | 25 |
| കണ്ണൂർ | 82 |
| കാസർഗോഡ് | 39 |

| | | | |
|---|---|---|---|
| | | | ഏർപ്പെടുത്തുവാൻ സാധിച്ചു. മെച്ചപ്പെട്ട ലബോറട്ടറി സേവനം, അതിലൂടെ പ്രാഥമിക തലത്തിൽ രോഗ നിർണ്ണയം നടത്തുവാനും ജീവിതശൈലി രോഗങ്ങൾ നേരത്തേ കണ്ടെത്തി ചികിത്സ ലഭ്യമാക്കുന്നതിൽ മുഖ്യ പങ്കു വഹിക്കുവാനും സാധിച്ചിട്ടുണ്ട് . OP സേവനങ്ങൾ രാവിലെ 9.00 മണി മുതൽ വൈകുന്നേരം 6 മണി വരെ ദീർഘിപ്പിച്ചു. നഴ്സസ് പ്രീ ചെക്ക് അപ്പ്, കൗൺസലിംഗ്, ശ്വാസ്/ആശ്വാസ് ക്ലിനിക്ക്, ഇ ഹെൽത്ത് സൗകര്യം, കംപ്യൂട്ടറൈസ്ഡ് ഒ.പി സേവനം, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിടങ്ങൾ, കുടിവെള്ളം, waiting area ൽ ടി.വി, വയോജനങ്ങൾക്ക് പ്രത്യേക ക്യൂ സിസ്റ്റം, സ്വകാര്യതയോടു കൂടിയ consultation സൗകര്യങ്ങൾ, പബ്ലിക് അഡ്രസ് സിസ്റ്റം, വ്യായാമം പ്രോത്സാഹിപ്പിക്കുവാനുള്ള നടപടികൾ എന്നിവയും പലയിടങ്ങളിലും നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ